ശാന്തിദൂത്
കാലികചിന്ത

# മതിൽ പൊളിയ്ക്കുക
# പാലം പണിയുക.

സി. റ്റി. ജോണിക്കുട്ടി

ശാന്തിദൂത് : കാലികചിന്ത




സി. റ്റി. ജോണിക്കുട്ടി

Ph: 9447601955


# മതിൽ പൊളിയ്ക്കുക പാലം പണിയുക.

ജോസഫിന്റെ ഉറക്കമില്ലായ്മ സ്വർഗ്ഗത്തെയും ഉറക്കമില്ലാതാക്കി. പത്രോസിനെ കൊല ചെയ്‌വാൻ തീരുമാനിച്ചതിന്റെ തലേരാത്രി പൗലൊസിനെ കൊട്ടയിൽ കെട്ടിയിറക്കി രക്ഷിച്ച രാത്രി, മോർദ്ദേഖായിയുടെ രക്ഷക്കായി ഉറക്കം വരാതെപോയ രാജാവിന്റെ രാത്രി. ദൈവം സജീവമാണ്. വിശേഷിച്ച് ഉറക്കമില്ലാത്ത നമ്മുടെ രാത്രികളിൽ. സങ്കടക്കടലിൽ മുങ്ങുന്നവന്റെ രാത്രികളിൽ.



## സ്വപ്നം സഫലമാകണം

വളർച്ചയിൽ നഷ്ടംവന്ന സ്വപ്നനാടാണ് മിക്കവർക്കും സ്വർഗ്ഗം. ആദ്യം സ്വർഗ്ഗപാതയിൽ നിന്ന് മനസ് ഇടറി. വൈകാതെ കാലുകളും. കുരുക്കിലേക്ക് പക്ഷിയെ പോലെ നരകവഴിയിലേക്ക് അറിയാതെ നിപതിച്ച ഒരു ലോകക്കാഴ്ച ചുറ്റുപാടുമുണ്ട്. എല്ലാ റോഡുകളും റോമിലേക്കല്ല. ഇന്നു ദിശ മറച്ച് കണ്ണിന്റെയും മനസിന്റെയും ഇഷ്ടങ്ങളിൽ താഴ്ചയിലേക്കാണ് ഗതി.

അദ്ധ്യാപകന്റെ ചോദ്യത്തിനു സൺഡേസ്കൂൾ വിദ്യാർത്ഥി നൽകിയ ഉത്തരം ഇങ്ങനെ. ഭൂമിജീവിതം യേശുവിന്റെ ഉപമയിലെ ധനവാനെപ്പോലെയും മരണാനന്തരം ലാസറിനെപ്പോലെയും. രണ്ടിടങ്ങളിലും സുഖശീതളിമ. സന്തോഷ നിർഭരത. ബാല്യത്തിൽ തന്നെ കണ്ടെത്തുന്ന നേട്ടങ്ങളുടെ കുറുക്കുവഴികൾ... ശാസ്ത്രലോകത്തിന്റെ ആകാശയാത്രക്കാരനും ഭൂമി തന്നെ ഒടുവിലത്തെ ലാന്റിംഗ് സ്ഥലം. ആധുനികർ ചിന്തിക്കുന്ന ഒട്ടേറെ ബുദ്ധിയുടെയും കണക്കു കൂട്ടലുകളുടെയും രഹസ്യങ്ങൾ ചുറ്റുമുണ്ട്, എല്ലാവരും ഒടുവിലത്തെ ഡെസ്റ്റിനേഷൻ സ്വർഗ്ഗം ലക്ഷ്യമിടുന്നു. സംഭവിക്കുന്നതോ?

ആതിരപ്പള്ളി നീരൊഴുക്കിൽ കാൽ വയ്ക്കരുത്, ഇറങ്ങരുത് എന്ന ബോർഡ് പലയിടത്തും സ്ഥാപിച്ചിട്ടുണ്ട്. എന്തുസംഭവിക്കാനാണ് എന്ന ആത്മഗതവുമായിട്ടാണ് സാഹസികത ആ ചെറിയ അരുവിയിലേക്ക് ആദ്യചുവട് വച്ചത്. ഒരു മാസ്മരിക ആകർഷണം കാലുകൾക്ക് കൈവന്നതും തെന്നി നീങ്ങിയതും കണ്ണുകൾക്ക് അന്ധത ബാധിച്ചതും വളരെ പെട്ടെന്നായിരുന്നു. പിറ്റേന്ന് ദിനപത്രം അവരുടെ ചിത്രങ്ങളും കുടുംബം, നാട് ഒക്കെ ചേർത്ത് വാർത്ത പ്രസിദ്ധീകരിച്ചു.

> ഒരാൾ കിടക്കയിലായി എന്ന് അറിഞ്ഞവർ പരിഹാരം തേടിയിറങ്ങി. അവനെ കൂട്ടിയുള്ള യാത്ര എത്തിച്ചേർന്നത് യേശുവിന്റെ അരികിലാണ്. ഉപേക്ഷിച്ചു കളയാമായിരുന്നു. യേശുവിന്റെ മഹത്വം അറിഞ്ഞ ഒരാൾക്കും ആവശ്യക്കാരനെ തടയാൻ ആവില്ല. ഒരുമിച്ച് സഹായത്തിനായി ശരണപ്പെടുവാനേ കഴിയൂ. പ്രാർത്ഥനയിലായാലും സാന്നിധ്യം കൊണ്ടുള്ള ധൈര്യപ്പെടുത്തലിലായാലും. അവരും യേശുവിനെപ്പോലെ പാലമാവുകയാണ്.

എല്ലാം പെട്ടെന്നായിരുന്നു. നരകത്തിന്റെ അടിയില്ലാ കുഴിയിലേക്ക് വീണുപോകുന്ന ഹതഭാഗ്യരുടെ ദൃഷ്ടാന്തമാണ് വിലക്കു ലംഘിച്ച മുൻപറഞ്ഞവർ.

## പാലം പണിക്കാരൻ

യേശുവിൽ ഒരു പാലം പണിക്കാരനെയാണ് കണ്ടിട്ടുള്ളത്. ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്കുള്ള പാലത്തിന്റെ നിർമ്മാതാവ്. നരകപാത അവസാനിക്കുന്ന സ്ഥലംവരെ സ്വർഗ്ഗത്തിലേക്കുള്ള കോവേണിയോ പാലമോ മനുഷ്യനു പണിതുകൊടുത്തയാൾ. യേശുവും പിശാചുമാണ് യുദ്ധഭൂമിയിലെ രണ്ടേരണ്ടു പോരാളികൾ. ഒടുവിലത്തെ വിജയം യേശുവിനെന്ന് വചനം പ്രഖ്യാപിക്കുന്നു. യേശുവിന്റെ പിന്നിൽ സത്യസന്ധതയോടെ നിലയുറപ്പിക്കുന്നവർക്കും ഈ വിജയം അവകാശപ്പെടാം.

ചുങ്കക്കാർക്കും പാപികൾക്കും വേശ്യമാർക്കും വ്യഭിചാരികൾക്കും തണൽ ചൂടിക്കൊടുക്കുകയാണ് പ്രവാചകനായ യേശു എന്ന് അക്കാലത്ത് ആക്ഷേപിക്കപ്പെട്ടിരുന്നു. അത് ശരിയുമായിരുന്നു. ഓരോ കുറ്റവാളിയുടെയും പിന്നിൽ അത്ര സന്തോഷകരമല്ലാത്ത ഒരു ചുറ്റുപാട് ഉണ്ടായിരിക്കും. അത് ആരും ശ്രദ്ധിക്കാറില്ല. ദാരിദ്ര്യം, തൊഴിലില്ലായ്മ, ജഢാസക്തികൾ, കടിഞ്ഞാണില്ലാത്ത മനസുകൾ, സാഹചര്യം, ലഭിക്കുന്ന ഉപദേശം ഇവയെല്ലാം ചേർത്തുവയ്ക്കുമ്പോൾ പിതൃഭവനത്തിൽ നിന്നുള്ള അകലം വർദ്ധിച്ച് പന്നിക്കൂട്ടിൽ മനുഷ്യർ ചെന്നെത്തുന്നു. ഈ അധമ തകർച്ചയിൽനിന്ന് പ്രതീക്ഷയിലേക്ക് ആരെയും തിരിച്ചു പിടിക്കയാണ് യേശുവിന്റെ ദൗത്യം. ദൈവവുമായുള്ള നിരപ്പിന്റെ ഒരു പാലംപണി.

ഗബ്രിയേൽ ദൂതൻ തന്നെയാവാം യോസഫിന് സ്വപ്നത്തിൽ പ്രത്യക്ഷനായത്. ദാമ്പത്യത്തിൽ സംഭവിക്കാമായിരുന്ന വലിയ ദുരന്തത്തിന്റെ തലേരാത്രി യിസ്രായേലിന്റെ പരിപാലകനും ഉറക്കം വന്നില്ല.

ഭൂമിയിൽ ജോസഫിന്റെ ഉറക്കമില്ലായ്മ സ്വർഗ്ഗത്തെയും ഉറക്കമില്ലാതാക്കി. സമാനമായ ഒട്ടേറെ സംഭവങ്ങൾക്ക് തിരുവചനം സാക്ഷിയാണ്. പത്രോസിന്റെ തല വെട്ടുന്നതിന്റെ തലേരാത്രി. പൗലൊസിനെ കൊട്ടയിൽ കെട്ടിയിറക്കി രക്ഷിച്ച രാത്രി, മോർദ്ദേഖായിയുടെ രക്ഷക്കായി ഉറക്കം വരാതെപോയ രാജാവിന്റെ രാത്രി. ഗലീലക്കടലിലെ കൊടുങ്കാറ്റിനും തിരകൾക്കും നടുവിൽ യേശുവന്നു ചേർന്ന രാത്രി, യഹൂദന്മാരെ ഭയന്ന് വാതിൽ അടച്ചിരിക്കെ നടുവിൽ വന്നുചേർന്ന ഗുരുവിന്റെ രാത്രി. ദൈവം സജീവമാണ്. വിശേഷിച്ച് ഉറക്കമില്ലാത്ത നമ്മുടെ നമ്മുടെ രാത്രികളിൽ. സങ്കടക്കടലിൽ മുങ്ങുന്നവന്റെ രാത്രികളിൽ.

## ഒരു കൈ സഹായം

കുടുംബത്തകർച്ച ചർച്ചയോ വാർത്തയോ അല്ലാതായിരിക്കുന്നു. വിളവ് വർദ്ധിച്ചാൽ വില കുറയും. കുടുംബം ആസൂത്രണം ചെയ്ത ദൈവം കാര്യങ്ങളെ ഗൗരവമായിത്തന്നെ കാണുന്നു. അതിന്റെ തെളിവാണ് ദൈവത്തിന്റെ സന്ദേശവുമായി ദൂതൻ ജോസഫിനെ സമീപിക്കുന്നത്. കഫർനഹൂമിലെ പക്ഷവാത രോഗിയുടെ സാഹചര്യം കുറെപ്പേരെ സങ്കടത്തിലാക്കി. സഹതപിച്ചു. സഹായത്തിന്റെ വഴി തേടി. ഒരാൾ കിടക്കയിലായി എന്ന് അറിഞ്ഞവർ പരിഹാരം തേടിയിറങ്ങി. അവനെ കൂട്ടിയുള്ള യാത്ര എത്തിച്ചേർന്നത് യേശുവിന്റെ അരികിലാ



ണ്. ഉപേക്ഷിച്ചു കളയാമായിരുന്നു. യേശുവിന്റെ മഹത്വം അറിഞ്ഞ ഒരാൾക്കും ആവശ്യക്കാരനെ തടയാൻ ആവില്ല. ഒരുമിച്ച് സഹായത്തിനായി ശരണപ്പെടുവാനേ കഴിയു. പ്രാർത്ഥനയിലായാലും സാന്നിധ്യം കൊണ്ടുള്ള ധൈര്യപ്പെടുത്തലിലായാലും. അവരും യേശുവിനെപ്പോലെ പാലമാവുകയാണ്.

രണ്ടായിരം വർഷം മുമ്പുള്ള പലസ്തീൻ നാട് പട്ടിണിയുടെ, രോഗത്തിന്റെ, ദാരിദ്ര്യത്തിന്റെ ഒക്കെ പ്രതീകമായിരുന്നു. തൊഴിലില്ലായ്മ, വസ്ത്രമില്ലായ്മ, ഇതര സംവിധാനങ്ങളുടെ അപര്യാപ്തത ഇവയാണ് ഉണ്ടായിരുന്ന സമൃദ്ധി. മുപ്പതിനായിരത്തോളം വരുന്ന വലിയ പുരുഷാരം യേശുവിന്റെ ത്രിദിന വചനപ്രഘോഷണ പരമ്പരയിൽ പങ്കെടുക്കുകയാണ്. കേൾവിക്കാരന്റെ ആത്മാവിനെ മാത്രമല്ല യേശു ശ്രദ്ധിച്ചത്; ആമാശയത്തെയുമാണ്. ആദമിനെ തോട്ടത്തിൽ താമസിപ്പിക്കും മുമ്പെ സമൃദ്ധമായ ആഹാരവും ദൈവം ഒരുക്കിവച്ചിരുന്നു.

യേശുവിന്റെ ഹൃദയം അറിഞ്ഞ അന്ത്രയോസ് അഞ്ച് അപ്പവും രണ്ടു മീനുമായി വന്നുചേർന്ന ബാലനെ കണ്ടെത്തുന്നു. മൂന്ന് അപ്പമാണ് ഒരു പുരുഷനുപോലും വേണ്ടത്. സുഹൃത്തിന്റെ വീട്ടിൽ നടുപ്പാതിരായ്ക്ക് ചെന്നയാളും ആവശ്യപ്പെട്ടത് മൂന്ന് അപ്പം. ഈ കുഞ്ഞിന്റെ വശം അമ്മ അഞ്ച് അപ്പം കൊടുത്തത് അടുത്തിരിക്കുന്നവനുകൂടി കൊടുക്കട്ടെ എന്ന ആശയത്തിലാകാം. ആ അമ്മയും ദേശത്തിന്റെ വിശപ്പിന് ഒരു പരിഹാരപാലമായി. ആ മകനും. ആ ബാലനെ കണ്ടെത്തിയ അന്ത്രയോസും. അനുഗ്രഹിച്ചു നൽകി അപ്പം വർദ്ധിപ്പിച്ച യേശുവും. അതിന്മേൽ അനുഗ്രഹം പകർന്ന പിതാവും. വിശക്കുന്നവന്റെ മുന്നിൽ പാലം പണിയുന്നവൻ യേശുവിന്റെ മനസ് ഗ്രഹിച്ചവനാണ്. ഏതു വിശപ്പിനും ആഹാരം വേണം. ദൈവഹിതപ്രകാരമുള്ള ആഹാരം.

## കാനാവിലെ ലഹരിത്തേര്

കാനാവിൽ രണ്ടുപേർ ചേർന്ന് ഒരു ലഹരിത്തേര് പണിയുന്നു. യേശുവും അമ്മ മറിയയും. കഠിന പ്രതിസന്ധിയിലൂടെ ഒരു ഭവനം നടുവൊടിഞ്ഞ പാമ്പിനെപ്പോലെ ഇഴഞ്ഞു നീങ്ങുന്നു. ഏറ്റവും അത്യാവശ്യമുള്ള വീഞ്ഞാണ് തികയാതെ വന്നത്. വിരുന്ന് ദിവസങ്ങൾ ഇനിയും നീണ്ടുനിൽക്കും. എന്തു ചെയ്യും? യേശുവിന് എന്തു ചെയ്യാൻ കഴിയുമെന്ന് തിരിച്ചറിവുള്ള ഒരാൾ മതി ഏതു പ്രശ്നവും പരിഹരിക്കാൻ. വീട്ടിലും സമൂഹത്തിലും. മറിയ അവിടെ മൗനമായി എങ്കിൽ എന്തു സംഭവിക്കുമായിരുന്നു? ഒരു ഭവനം ആ നാട്ടിൽ അപഹസിക്കപ്പെടുമായിരുന്നു. രണ്ടു സഹസ്രാബ്ദങ്ങൾക്കിപ്പുറവും കാനാവ് ചർച്ചക്കെടുക്കുന്നത് എന്തുകൊണ്ട്? യേശുവിങ്കലേക്ക് ആ



> രണ്ടു സഹസ്രാബ്ദങ്ങൾക്കിപ്പുറവും കാനാവ് ചർച്ചക്കെടുക്കുന്നത് എന്തുകൊണ്ട്? യേശുവിങ്കലേക്ക് ആ അമ്മ ദു:ഖഭവനത്തിനുവേണ്ടി ഒരു പാലം പണിതു. യേശുവോ? ഏതുകാലത്തേക്കും ഏത് ആവശ്യങ്ങൾക്കും ശരണപ്പെടാവുന്ന ഒരേ ഒരുവ്യക്തിയാണെന്നു തെളിയിക്കപ്പെടുന്നു. വീര്യം കൂടിയ പതിനെട്ടുപറ വീഞ്ഞുകുടിച്ച ആ മംഗളഭവനവും അതിഥികളും ഇന്നും വായനക്കാരിൽ ലഹരി പകരുന്നു.

അമ്മ ദു:ഖഭവനത്തിനുവേണ്ടി ഒരു പാലം പണിതു. യേശുവോ? ഏതുകാലത്തേക്കും ഏത് ആവശ്യങ്ങൾക്കും ശരണപ്പെടാവുന്ന ഒരേ ഒരു വ്യക്തിയാണെന്നു തെളിയിക്കപ്പെടുന്നു. വീര്യം കൂടിയ പതിനെട്ടുപറ വീഞ്ഞുകുടിച്ച ആ മംഗളഭവനവും അതിഥികളും ഇന്നും വായനക്കാരിൽ ലഹരി പകരുന്നു.

മോശയുടെ പിൻഗാമി യോശുവയിലൂടെ ദൈവശാപം ഏറ്റുവാങ്ങിയ നഗരമാണ് യെറിഹോ. ദൈവം ശപിച്ചെങ്കിൽ സമനായ ഒരാൾക്കേ ആ ശാപം പരിഹരിക്കാനാവൂ. ശപിക്കപ്പെട്ടവരുടെ പ്രതിനിധിയായിരുന്നു സഖായി. ശാപമുക്തനാകുവാനുള്ള അഭിവാഞ്ച അയാളിൽ പ്രകടമായി. മുഴുലോകത്തിന്റെയും ശാപം മരത്തിന്മേൽ തൂങ്ങി പരിഹരിക്കുവാൻ വന്ന യേശുവിൽ അവൻ കണ്ണുവച്ചു. എന്തായിരുന്നു ഫലം? വർഷങ്ങളായി പെയ്യാതിരുന്ന മണ്ണിൽ വീണ പെരുമഴപോലെ സമൃദ്ധമായ വിളവ് നൽകി സഖായിയുടെ മാനസാന്തരം. ദൈവത്തിന്റെ

അനുഗ്രഹങ്ങളുടെ പാലമായി സഖായി മാറി. യെറിഹോവിലെ ജന ങ്ങൾക്ക് കള്ളവും ചതിയും ഇല്ലാത്ത, കടംപെട്ട എല്ലാവർക്കും ഔദാ ര്യമായി നൽകുന്ന ദൈവപ്രതിനിധിയായി സഖായി രൂപാന്തരപ്പെട്ടു.

ഹീനജാതി എന്ന മുദ്ര ശമര്യരുടെമീതെ വീണിരുന്നു. ജാതി വിദ്വേ ഷം, തീണ്ടൽ, തൊടീൽ, അയിത്തം, ഭക്ഷണകാര്യങ്ങളിലെ അകൽച്ച ഇവയെല്ലാംകൊണ്ട് മാറ്റിനിർത്തപ്പെട്ടവർ. യഹൂദനിൽ അറപ്പും വെറുപ്പും സൃഷ്ടിക്കുന്ന ഒരു സമൂഹവും നാടും. യഹൂദ്യയിൽ നിന്നു ഗലീലയ്ക്കു  യാത്ര ചെയ്യേണ്ടിവന്നാൽ യഹൂദൻ ഗമര്യയിൽ കടക്കാ തെയേ സഞ്ചരിക്കു. തിരിച്ചും അങ്ങനെ തന്നെ. അന്യോന്യം ഒരു സമ്പർക്കവുമില്ല. വഴി മാറിപ്പോകുന്നവർ.

## പിഴുതെറിഞ്ഞ ചട്ടങ്ങൾ

യേശുവിന്റെയും ശിഷ്യരുടെയും യാത്രയ്ക്ക് ശമര്യയുടെ അതിരുക ളിൽ കെട്ടിയുയർത്തിയ മതിലുകൾ തടസ്സമായില്ല. അങ്ങനെയാണ് അവർ സുഖാറിൽ എത്തിയത്. വെറുപ്പ് ഉളവാക്കുന്ന ശമര്യരിൽ തന്നെ ഹീനമായ സ്വകാര്യജീവിതം നയിച്ച ഒരു സ്ത്രീയെ കണ്ടെത്തി രക്ഷിക്കുന്ന ഒരു വലിയ ദൗത്യം നാം വായിക്കുന്നുണ്ട്. പിൻക്കാലത്ത് ക്രിസ്തുശിഷ്യരും ശമര്യയിൽ സുവിശേഷം അറിയിക്കുന്നു. സഭകൾ സ്ഥാപിക്കുന്നു. ദൈവത്തിങ്കലേക്ക് ജാതികളെ പ്രവേശിപ്പിച്ച മനോഹ രമായ ഒരു പാലമാണ് യേശു. യേശുവിന്റെ ശിഷ്യന്മാരും. മുറിവേറ്റ് കിടന്നാൽ രക്ഷിക്കാൻ ശമര്യനായാലും കുഴപ്പമില്ല. ശമര്യാസ്ത്രീയോ ടൊപ്പം ഒരു പട്ടണം മുഴുവൻ യേശുവിലൂടെ സത്യ ദൈവത്തിന്റെ ഒരു ക്കപ്പെട്ട പറുദീസയിലേക്ക് സന്തോഷപൂർവ്വം പ്രവേശിക്കുന്ന കാഴ്ച സുന്ദരമാണ് യോഹ. 4.



യേശുവിനെ അനുഗമിക്കാൻ വിളിക്കപ്പെട്ടവർ ഇന്ന് മുൻനടക്കുന്നവ രായി . അവർ അർഹതപ്പെട്ടവരെയും ആവശ്യങ്ങളിലിരിക്കുന്നവരെയും മിണ്ടാതിരിക്കുവാൻ ആക്രോശിക്കുന്നു. യേശുവിലൂടെ സൗഖ്യമോ സമാധാനമോ സുരക്ഷയോ നിത്യജീവനോ നേടുവാൻ അനുവദിക്കു ന്നില്ല. യേശുവിനെ കണ്ടെത്താതവണ്ണം വലിയ മതിലുകൾ പണിയുന്നു. സർവ്വജനത്തിനും ഉണ്ടായ മഹാസന്തോഷമാണ് യേശു. അതിനെ മതിൽ കെട്ടി മറയ്ക്കുന്നത് ദൈവഹിതത്തിന് എതിരാണ്.

ജർമ്മനി മതിൽ പൊളിച്ചുകളഞ്ഞു. കൊറിയയിലെ മതിൽ പരിഹസി ക്കപ്പെടുന്നു. ചൈനയുടെ വൻമതിൽ ലോകശ്രദ്ധ നേടിയെങ്കിലും ലോക മനസാക്ഷിയിൽ ഇകഴ്ത്തപ്പെടുന്ന ഒന്നാണ്. അമേരിക്കയിലെ വീടുകൾക്ക് മതിൽ കെട്ടി  സംരക്ഷണം നൽകാറില്ല. കാവലിനായി നായ്ക്കളെയും അവർ ഉപയോഗിക്കുന്നില്ല. കേരളത്തിലെ നാല്പത്തിനാലു നദികൾ നാടിനെ നാല്പത്തഞ്ച് കഷണങ്ങളായി കിഴക്കു സഹ്യാദ്രി മുതൽ പടിഞ്ഞാറ് ഇന്ത്യൻ മഹാസമുദ്രം വരെ മുറിച്ചിട്ടിരുന്നു. ഇന്നോ? എല്ലാ നദികൾക്കും മീതെ ഒന്നിലേറെ പാല ങ്ങൾ പണിത് ഐക്യതയുടെ ഒന്നായ നാടായി നമ്മുടെ സംസ്ഥാനം. മതിലുകൾക്കുപകരം പാലങ്ങളാകുവാനാണ് ക്രിസ്തുമനസ് നേടിയ വർക്ക് കഴിയേണ്ടത്.

## അധർമ്മിയോടൊപ്പം പറുദീസയിൽ

യേശു വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു. ഭിന്നിച്ചുനിന്ന മനു ഷ്യനെയും ദൈവത്തെയും ഒന്നാക്കി. ജീവൻ ബലികൊടുത്തുകൊ ണ്ടാണ് ആ ദൗത്യം കാൽവറിയിൽ അവിടുന്നു നിർവ്വഹിച്ചത്. ഏദ നിൽ ദൈവം തന്നെ ഉയർത്തിക്കെട്ടിയ മതിലാണ് യേശു ഉടച്ചുനിരത്തി യത് എന്നോർക്കണം. ഇന്ന് ദൈവത്തിങ്കലേക്ക് സുഗമമായ ഒരു പാല മായും പാതയായും യേശു നില്ക്കുന്നു യോഹ 14:6. കാൽവറിയിൽ ഏറ്റവും ദുഷ്ടനും ക്രൂരനുമായ ഒരു അധർമ്മിയെ കൈപിടിച്ച് പറുദീസ യിലേക്ക് ആനയിച്ചാണ് ആ മഹത്തായ കർമ്മത്തിന് തുടക്കം കുറിച്ചത്.

> കേരളത്തിലെ നാല്പത്തിനാലു നദികൾ നാടിനെ നാല്പത്തഞ്ച് കഷണങ്ങളായി കിഴക്കു സഹ്യാദ്രി മുതൽ പടിഞ്ഞാറ് ഇന്ത്യൻ മഹാസമുദ്രം വരെ മുറിച്ചിട്ടിരുന്നു. ഇന്നോ?
> എല്ലാ നദികൾക്കും മീതെ ഒന്നിലേറെ പാലങ്ങൾ പണിത് ഐക്യതയുടെ ഒന്നായ നാടായി നമ്മുടെ സംസ്ഥാനം. മതിലുകൾക്കുപകരം  പാലങ്ങളാകുവാനാണ് ക്രിസ്തുമനസ് നേടിയവർക്ക് കഴിയേണ്ടത്.

ദൈവസ്നേഹത്തിന് അതിരുകളില്ല. പ്രളയജലത്തിൽ അതിരുകൾക്കു മീതെയായിരുന്നു കേരളം. ദൈവസ്നേഹം നമ്മിൽ വളർന്നാൽ അതിരുകളെ അതിജീവിച്ചുള്ള ആത്മാർപ്പണം നമ്മിലും ഉടലെടുക്കും. അതിനു പരിശുദ്ധാത്മ നിറവ് ആവശ്യമുണ്ട്. പൗലൊസിനുവേണ്ടി ബർന്നബാസ് പാലമായതുപോലെ പൗലൊസ് തീത്തോസിനും തിമൊഥെയോസിനും പാലമായി. നമ്മുടെ ജീവിതം കൊണ്ട് ഒരാൾക്കെങ്കിലും ധൈര്യത്തിന്റെയും ആശ്വാസത്തിന്റെയും സാന്ത്വനസ്പർശം നൽകാനായാൽ... അതാണ് ക്രിസ്തുജീവിതം അഥവാ ക്രിസ്തീയ ജീവിതം.



**മുറിവേറ്റ് കിടന്നാൽ രക്ഷിക്കാൻ ശമര്യനായാലും കുഴപ്പമില്ല. ശമര്യാസ്ത്രീയോടൊപ്പം ഒരു പട്ടണം മുഴുവൻ യേശുവിലൂടെ സത്യ ദൈവത്തിന്റെ ഒരുക്കപ്പെട്ട പറുദീസയിലേക്ക് സന്തോഷപൂർവ്വം പ്രവേശിക്കുന്ന കാഴ്ച സുന്ദരമാണ് ...**